FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)
03 August 2018
(20 Dhul-Qaddah 1439 AH)

# "MUCH MORE HATRED THAN LOVE !".
# സ്നേഹത്തേക്കാൾ എത്രയോ അധികം വെറുപ്പ്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **സ്നേഹത്തേക്കാൾ എത്രയോ അധികം വെറുപ്പ്** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ (പരമസംതൃപ്തി) പ്രദാനം ചെയ്യേണമെ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമെ!" (25:75)

"ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിന് ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ! നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമെ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ് " (03:9)

"ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നുപോവുകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതെ!" (2:287)

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ! ഞങ്ങൾക്ക് മാപ്പ് നല്കേണമെ, ഞങ്ങൾക്ക് പൊറുത്തുതരേണമെ! ഞങ്ങളോട് കരുണകാണിക്കേണമെ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമെ!" (2:287)

മനുഷ്യരാൽ തെരഞ്ഞെടുത്ത ഖലീഫാ, അഹ്മദിയ്യാ സമുദായത്തിന്റെ തലപ്പത്തിരുന്ന്, മധുരമനോഹരമായ, സമാധാന, പ്രഭാഷണങ്ങളിലൂടെ ലോകത്തെ ചതിച്ചുകൊണ്ടിരിക്കുകയാണ്. "എല്ലാവരോടും

സ്നേഹം ആരോടുമില്ല വെറുപ്പ്" എന്ന സന്ദേശത്തിന്റെ ആവശ്യക തയെ കുറിച്ച് അദ്ദേഹം വാമൊഴി നടത്തിക്കൊണ്ടിരിക്കുന്നു.

ദൈവദൂതൻ എന്ന നിലയിലും, ഖലീഫത്തുല്ലാഹ് എന്ന നിലയിലും, ലോകത്തിന്റെ മുൻപാകെയും, വിശിഷ്യലോകമെങ്ങുമുള്ള അഹ്മദിയ്യാ സമുദായത്തിന്റെ മുൻപിലും, അവരുടെ ഈ ഖലീഫയുടെ യഥാർത്ഥ മുഖം തുറന്നു കാട്ടേണ്ടത് എന്റെ കടമയാണ്. നിശ്ചയമായും അദ്ദേഹം പ്രബോധിക്കുന്നത്, പ്രവർത്തിക്കുന്ന ആളല്ല.

മൗറിഷ്യസിലെ ഇപ്പോഴത്തെ സാഹചര്യത്തെകുറിച്ച് അദ്ദേഹത്തോട് ചോദ്യങ്ങൾ ഉന്നയിച്ചാൽ, അതായത് 17 വർഷമായി, മൗറിഷ്യസിലെ അഹ്മദിയ്യാ സമുദായത്തിൽ മുഷിപ്പുളവാക്കുന്ന ഈ പ്രശ്നമുണ്ടായിട്ട്, അദ്ദേഹത്തിന്റെ മുഖം മറച്ചു പിടിക്കുവാനായി അദ്ദേഹം ജനങ്ങളോട് പറയുന്നത്,അവിടെ എല്ലാം നല്ല നിലയിൽ പൊയ്ക്കൊണ്ടിരിക്കുകയാണ് എന്നാണ്. പ്രസ്തുത ഖലീഫയിൽ നിന്നും നേരിട്ടു വരുന്ന ഉപദേശ നിർദ്ദേശങ്ങളാണ്, മൗറിഷ്യസിലെ അഹ്മദിയ്യ സമുദായ നേതാക്കന്മാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നാണവർ പറയുന്നത്. അവർക്ക് തോന്നുന്നതുപോലെ അവർ ചെയ്തുകൊണ്ടിരിക്കുന്നു എന്നിട്ടവർ പറയുന്നു ഇത് അവരുടെ ഖലീഫ നേരിട്ട് നല്കുന്ന ഉപദേശങ്ങളാണ്, നിർദ്ദേശങ്ങളാണ്, കല്പനകളാണ്. അത് തീർച്ചയായും അവർ നടപ്പിലാക്കേണ്ടതുണ്ട്. ഈ നിർദ്ദേശങ്ങൾ, കല്പനകൾ, ഉപദേശങ്ങൾ, വിശുദ്ധഖുർആന്റെ കല്പനകൾക്കെതിരാണെങ്കിലും ശരി, പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)ന്റെ അധ്യാപനങ്ങൾക്കെതിരാണെങ്കിലും ശരി, അതുപോലെ തന്നെ വാഗ്ദത്തമസഹീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ അധ്യാപനങ്ങൾക്കെതിരാണെങ്കിലും ശരി!

ലോകത്തിന്റെ വീക്ഷണത്തിൽ, ഖലീഫ പ്രബോധിക്കുന്നത് സമാധാനമാകുന്നു. അദ്ദേഹം ഒരു സമാധാന മനുഷ്യനാണ്. സമാധാന കാംഷിയാണ്. അദ്ദേഹം തറപ്പിച്ചു പറയുന്നു. മൗറിഷ്യസിൽ യാതൊരു പ്രശ്നവുമില്ലാ എന്ന്! എല്ലാം നല്ല നിലയിൽ പൊയ്ക്കൊണ്ടിരിക്കുന്നു എന്നും ! മുഴുലോകത്തേക്കും, ഏറ്റവും നല്ല കാര്യമാണ്, അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നും പറയുന്നു. എന്നാൽ സത്യത്തിൽ എന്താണ് നടക്കുന്നത്? മൗറിഷ്യസിലെ അഹ്മദിയ്യാജമാഅത്തിലും, ലോകത്തിന്റെ മറ്റിടങ്ങളിലുമുള്ള അഹ്മദിയ്യാ കുടുംബങ്ങളിലും

ഉണ്ടായിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ നാശത്തിന്റെയും, നിശ്ചലത യുടെയും അവസ്ഥ എത്രകണ്ട് അദ്ദേഹം മറയ്ക്കുവാൻ ശ്രമിക്കു ന്നുവോ, അത്രകണ്ട് ശക്തമായ നിലയിൽ ഒരു തിരമാലപോല സത്യം തിരിഞ്ഞു മറിഞ്ഞുവരുന്നതാണ്. അതോടെ അദ്ദേഹത്തിന്റെ കുടില പദ്ധതികളെല്ലാം തകിടം മറിയുന്നതാണ്. എല്ലാവരേയും ഒരുമിച്ചുകൂ ട്ടുന്നവനാണ് താനെന്ന് അദ്ദേഹം കരുതുന്നു. യഥാർത്ഥത്തിൽ അദ്ദേഹം കുടുംബങ്ങളെ ഭിന്നിപ്പിക്കുന്നവനാണ്, മുസ്ലിം ഐക്യത്തെയും കുടുംബഐക്യത്തെയും തകർക്കുന്നവനാണ്.

അല്ലെയോ! ലോകമെങ്ങുമുള്ള അഹ്മദീമുസ്ലിംകളെ, വിശിഷ്യാമൗ റിഷ്യസിലുള്ള അഹ്മദികളെ! ഓർക്കുക! സത്യവാനാണെന്ന് നിങ്ങൾ ധരിക്കുന്ന നിങ്ങളുടെ ഖലീഫ അദൃശ്യകാര്യങ്ങളിൽ നിപുണനായവന ല്ല. ഒരു മധ്യസ്ഥനായിട്ടോ, ഒരു നീതിമാനായ വിധികർത്താവായിട്ടോ, തഖ്‌വയുടെ അടിസ്ഥാനത്തിൽ, പ്രവർത്തിക്കുവാൻ കഴിവുള്ളവനല്ല. 2015 ലെ മൗറിഷ്യസിലെ അഹ്മദിയ്യ സമുദായത്തിന്റെ ശതവാർഷിക സമ്മേളനത്തിന്റെ കാര്യം സ്മരിക്കുക, എല്ലാ തയ്യാറെടുപ്പുകളും നിങ്ങൾ എടുത്തതിനുശേഷവും, അദ്ദേഹം നിങ്ങളുടെ സങ്കടങ്ങൾ കേൾക്കുവാൻ വന്നില്ല ; നിങ്ങളോടൊപ്പം സന്തോഷം പങ്കിടുവാനും! മൗറിഷ്യസിലെ അഹ്മദിമുസ്ലിം കുടുംബങ്ങളിലെ, പ്രശ്നങ്ങൾ സൃഷ്ടി ക്കുന്ന വിഷയങ്ങൾ സംബന്ധമായി, അദ്ദേഹത്തിന് പൂർണ്ണബോധ്യ മുണ്ടായിരുന്നു. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാനും സമാ ധാനം പുനഃസ്ഥാപിക്കുവാനും അദ്ദേഹം വന്നില്ല. 2005 ൽ അദ്ദേഹം മൗറിഷ്യസ് സന്ദർശിച്ചപ്പോൾ, എന്തായിരുന്നു അദ്ദേഹത്തിന്റെ ഉത്ത രവാദിത്വം? ഒരു മുഖാമുഖത്തിന് തയ്യാറാകേണ്ടതായിരുന്നില്ലേ? സത്യം എന്താണെന്ന് അന്വേഷിക്കേണ്ടതായിരുന്നില്ലേ? ദൈവീക ദൃ ഷ്ടാന്തത്തെപറ്റിയും, അദ്ദേഹത്തിന്റെ അമീറിന്റെ എല്ലാ കുറ്റകരമായ പദ്ധതികളെകുറിച്ചും! ഇപ്പോൾ അദ്ദേഹം, മുൻഅമീറാണ്) അദ്ദേഹ ത്തിന്റെ മുൻഗാമിയായ ഹസ്രത് മിർസാ താഹിർ അഹ്മദിന്റെ (അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ) ഖിലാഫത്തു സമയത്ത് ആവിർഭവിച്ച പ്രശ്നങ്ങൾ (എന്തൊക്കെയാണെന്ന് വിശദമായി അന്വേ ഷിച്ച് പരിഹാരം കാണേണ്ടതായിരുന്നില്ലേ?)

മൗറിഷ്യസിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ മുൻപിൽ, അദ്ദേഹ ത്തിന്റെ അധികാരത്തിന്റെ ആരംഭം മുതൽ തന്നെ,അഹ്മദിയ്യാഖലീഫ

യായ ഹസ്രത് മിർസാ മസ്റൂർ അഹ്മദ് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. തന്മൂലം അത് ലോകമെങ്ങും സ്ഫോടനാത്മകമായ അവസ്ഥയാണ് സംജാതമാക്കിയത്.

എല്ലാ മുസ്ലിംകളും സർവ്വാത്മനാ അംഗീകരിച്ചിട്ടുള്ള ഒരു സത്യമാണ് നേർവഴികാണിക്കുവാനുള്ള അധികാരം അല്ലാഹുവിന് മാത്രമുള്ള അവകാശമാണ് എന്നത്! ഇക്കാര്യത്തിലേക്കായി, അല്ലാഹു (ത) വിവിധകാലങ്ങളിലും, സമയങ്ങളിലും, അവനുദ്ദേശിക്കുന്നവരെ, ഉയർത്തുകയും, ബഹുമതി നല്കുകയും, മനുഷ്യരുടെ പ്രതിനിധിയായി, അവൻ നിയോഗിക്കുകയും ചെയ്യുന്നു. ഇത്തരം വ്യക്തികളിലൂടെ, പരിശുദ്ധവും പരിപാപനവുമായ ആത്മാക്കളിലൂടെ, അല്ലാഹു (ത) വെളിപാടുകൾ നൽകുകയും ചെയ്യുന്നു. വിശുദ്ധഖുർആന്റെ ഭാഷയനുസരിച്ച് ഇത്തരം ആളുകളെ ഖലീഫത്തുല്ലാഹ് എന്ന്, പേർപറയപ്പെടുന്നു.

ഖലീഫത്തുല്ലാഹ് മനുഷ്യകരങ്ങളാൽ രൂപപ്പെടുന്നതോ, വോട്ടുചെയ്തു തെരഞ്ഞെടുക്കുന്നതോ, മറ്റു രീതിയിൽ സൃഷ്ടിക്കപ്പെടുന്നതോ അല്ല! മറിച്ച്, ഒരു ദൈവീക കല്പന അനുസരിച്ചാണ് അദ്ദേഹത്തിന്റെ ഉല്പത്തി ഉണ്ടാകുന്നത്! തീർച്ചയായും വിശുദ്ധഖുർആനിൽ അല്ലാഹു (ത) പ്രഖ്യാപിക്കുന്നു.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തികൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്നും എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. 24:56

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) ഖലീഫത്തുല്ലായെകുറിച്ച് പ്രവചനം ചെയ്തിരിക്കുന്നു. ഇസ്ലാം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ ചരിത്രഘട്ടങ്ങളെക്കുറിച്ച് പ്രവാചകൻ(സ) താഴെപറയുന്ന ഹദീസിൽ പ്രവചനം ചെയ്തിരിക്കുന്നു.

അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം കാലം നിങ്ങളിൽ പ്രവാചകത്വം നിലനില്ക്കും എന്നിട്ട് അവൻ അത് അവസാനിപ്പിക്കും. എന്നിട്ട് പ്രവാ

ചകത്വത്തിന്റെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഖിലാഫത്ത് സ്ഥാപിക്കും, അല്ലാഹു ഉദ്ദേശിക്കുവോളം അത് നിലനില്ക്കുകയും എന്നിട്ട് അത് അവസാനിപ്പിക്കുകയും ചെയ്യും. അടിച്ചമർത്തുന്ന രാജത്വവാഴ്ച അതിനെ തുടർന്ന് വരും (ജനങ്ങൾക്ക് വളരെ വലിയ പ്രയാസവും ബുദ്ധിമുട്ടും അടിച്ചേല്പിക്കപ്പെടും) അല്ലാഹു ഇച്ഛിക്കുവോളം ഇത്തരം വാഴ്ച തുടരുന്നതാണ്. എന്നിട്ട് അവൻ അതിനെയും അവസാപ്പിക്കും. അതിനു ശേഷം ഏകാധിപതികളായ ഭരണകർത്താക്കൾ അധികാരം ഏറ്റെടുക്കു. അല്ലാഹു ഉദ്ദേശിക്കുവോളം അതും തുടരുന്നതാണ്. എന്നിട്ട് അല്ലാഹു അതിനെയും അവസാനിപ്പിക്കും. ഖിലാഫത്ത് (ഖലീഫത്തുല്ലാഹ്) പ്രവാചകത്വ ആശയങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുന്നതാണ് (മുസ്ഹദ് അഹ്മദ്) 3

പ്രവാചകന്മാരുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ, മിർസാമസ്റൂർ അഹ്മദ് ഖലീഫത്തുല്ലാ ആയതാണോ? അതോ ഒരു മസീഹിന്റെ ഖലീഫ ആയതാണോ? ജനങ്ങൾ തെരഞ്ഞെടുന്നത്തിനെതുടർന്ന്! അദ്ദേഹം അല്ലാഹുവിന്റെ ഖലീഫ ആണെന്ന് സ്വയം പ്രഖ്യാപിക്കുകയാണെങ്കിൽ, അദ്ദേഹത്തിന് റൂഹുൽ ഖുദ്സ് ഇറങ്ങുന്നുവെങ്കിൽ, അദ്ദേഹം അത് ദൈവീക വെളിപാടുകളിലൂടെ അത് തെളിയിക്കേണ്ടതാണ്. എനിക്ക് 2003 മുതൽ ഇതുരവരെയും അത് ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കേണ്ടതാണ്. അല്ലാഹു(ത) തന്നെ ഖലീഫത്തുല്ലാ ആയി തെരഞ്ഞെടുത്തിരിക്കുന്നു എന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കേണ്ടതാണ്. പ്രവാചകത്വ മാതൃകയിലുള്ള ഖലീഫയാണ് താനെന്ന് തുറന്നു പറയുക.

ഇതാ ഇപ്പോൾ, വളരെ കൃത്യമായി പറഞ്ഞാൽ, 2018 ജൂലൈ 27 ന്, ജുംആ പ്രാർത്ഥനയക്ക് ശേഷം, അദ്ദേഹത്തിൽ നിന്ന് ഒരു പ്രഖ്യാപനം വന്നതായി, മൗറിഷ്യസ്അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റേതായി, ഒരു വാർത്ത പുറത്തുവന്നിരിക്കുന്നു. പ്രസ്തുത വാർത്ത മുമ്പെങ്ങും കണ്ടിട്ടില്ലാത്ത തരത്തിൽ ഇസ്ലാമിന്റെ അധ്യാപനങ്ങൾക്കെതിരിലുള്ളതാണ്. അത് പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്താഫ(സ) യുടെയും, ഹസ്രത് മിർസാഗുലാം അഹ്മദ്(അ) ന്റെയും അധ്യാപനങ്ങൾക്കെതിരിലാണ്. ശത്രുതയാൽ നിറഞ്ഞ വിപരീത പ്രഖ്യാപനം, ദൈവീക ദൃഷ്ടാന്തങ്ങളെകുറിച്ച് അവർ പറഞ്ഞതിന്റെ എതിരായ പ്രഖ്യാപനം, അതേ തുടർന്ന് നിസാമെജമാഅത്തിൽ നിന്നും പുറത്താക്കുന്നു. (അഹ്മദിയ്യാ ജമാഅത്തിന്റെ വ്യവസ്ഥയിൽ നിന്നു പുറത്താക്കുന്നു)

കാരണം അല്ലാഹുവിൽ നിന്ന് വന്ന സത്യത്തിന് പിന്താങ്ങൽ നല്കിയതിന്റെ പേരിൽ, അവന്റെ ദൂതനെ അംഗീകരിച്ചതിന്റെ പേരിൽ അവരെ പുറത്താക്കുന്നു.

അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവന : നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയവരുടെ സന്താനങ്ങളിൽ നിന്ന്, ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക്, ജമാഅത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നവരോട്, ജമാഅത്തിന് ബന്ധം സ്ഥാപിക്കാവുന്നതാണ്, അവരെ ജമാഅത്തിലേക്ക് മടങ്ങിവരുവാൻ അനുവദിക്കേണ്ടതാണ്. അവരെ നിരുത്സാഹപ്പെടുത്തരുത്. ഈ ആളുകളുടെ അടുത്ത തലമുറയെ നാ സംരക്ഷിക്കേണ്ടതുണ്ട്. ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്ന അത്തരം കുട്ടികളോട്, ആവശ്യമായ, അനുകൂലമായ നിലപാട് നിങ്ങൾ കൈകൊള്ളേണ്ടതുമാണ്. അവരോട് മാപ്പ് എഴുതിതരുവാൻ ആവശ്യപ്പെടുക.

ഈ നിർദ്ദേശം കുട്ടികൾക്ക് വേണ്ടി മാത്രമുള്ളതാണ്. ഇത് മുതിർന്നവർക്കു വേണ്ടിയുള്ളതല്ല. ഈ കുട്ടികളിൽ നിന്നും, നമ്മളുമായി ബന്ധം പുലർത്തുന്നവരും, ജമാഅത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നവരുമായി നാം ബന്ധം സ്ഥാപിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ജമാഅത്തിലേക്ക് മടങ്ങിവരുവാൻ അവരെ അനുവദിക്കേണ്ടതാണ്. ജമാഅത്തിൽ നിന്നും പുറത്താക്കിയ മറ്റാളുകളെ സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളുമില്ല. ഇനി ആരെങ്കിലുമായി അത്തരം ചർച്ചകൾ നടക്കുന്നുണ്ടെങ്കിൽ, അത്തരം ആളുകളുടെ കാര്യങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യേണ്ടതാണ്. ഇതിനായി ഒരു കമ്മിറ്റിക്ക് രൂപം കൊടുക്കുവാനുള്ള നിർദ്ദേശവും നല്കിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ മിഷണറി ഇൻചാർജ്ജ്, ഖുദ്ദാംസദ്ർ, അൻസാർസദ്ർ, തർബിയ്യത്ത്, സെക്രട്ടറി, ഉമൂമെആം സെക്രട്ടറി, എന്നിവർ ഉണ്ടായിരിക്കണം. പ്രസ്തുത കമ്മിറ്റി അവരുടെ റിപ്പോർട്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തോടുകൂടി, മർക്കസിലേക്ക് (കേന്ദ്രം) അയയ്ക്കേണ്ടതാണ്.

പുറത്താക്കിയവരുമായി, മിഷണറിഇൻചാർജ്ജ് മാത്രമായിരിക്കണം വ്യക്തിപരമായി ബന്ധപ്പെടേണ്ടത്, അവരെ തിരിച്ചുവരുത്തുന്നതിനായി പ്രേരിപ്പിക്കുവാനും സംസ്ക്കരിക്കുവാനും ഖുദാംസദ്ർനോ അഥവാ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ അവരുമായി ബന്ധം സ്ഥാപിക്കുവാനുള്ള ഉത്തരവാദിത്വമില്ല.

ഒരു പരിപാടിയിൽ, ഒരു ജമാഅത്ത് ആഫീസർ പങ്കെടുക്കുകയും അവിടെ ജമാഅത്ത് പുറത്താക്കിയ ഒരാൾ, പ്രസ്തുത പരിപാടിയിൽ ക്ഷണിക്കപ്പെടുകയും ചെയ്താൽ, അപ്പോൾ പ്രസ്തുത പരിപാടിയിൽ നിന്നും പ്രസ്തുത ആഫീസർ, താമസംവിനാ, പുറത്തുപോകേണ്ടതാണ്.

പുറത്താക്കപ്പെട്ടവൻ, പള്ളിയിൽ വന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുകയില്ലെങ്കിൽ, അവരെ പള്ളിയിൽ പ്രവേശിപ്പിക്കാവുന്നതാണ്. നമസ്ക്കാരശേഷം, അവിടെ ഒരു നിക്കാഹ് പ്രഖ്യാപനം നടക്കുന്നുവെങ്കിൽ, അവർ പ്രസ്തുത നിക്കാഹ് പ്രഖ്യാപനത്തനായി അവിടെ ഇരിക്കാവുന്നകാണ്. ആ പ്രഖ്യാപനം ശ്രദ്ധിക്കാവുന്നതുമാണ് അവരെ അവിടെ ഇരിക്കുവാൻ അനുവദിക്കുന്നതു കൊണ്ട് പ്രശ്നമൊന്നുമില്ല. എന്നാൽ ഒരാൾ മനഃപൂർവ്വം ഇത്തരം ആളുകളെ അദ്ദേഹത്തിന്റെ ഇത്തരം പരിപാടികൾക്ക് ക്ഷണിച്ചാൽ, ഇത് ഒരു മോശം പ്രവർത്തിയാണ്. മോശം കീഴ്വഴക്കമാണ്. ഇത്തരം ആളുകളെ ക്ഷണിച്ചവരെ ശാസിക്കേണ്ടതാണ്.

ഖലീഫമിർസാമസ്റൂർ അഹ്മദ് കുട്ടികളുടെ വിചാരവികാരങ്ങൾ വെച്ചാണ് കളി നടത്തുന്നത്. ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച്, കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കുന്നത് അവരുടെ മാതാപിതാക്കളിലൂടെയാണ് എന്ന കാര്യം അദ്ദേഹത്തിനറിയില്ലേ? ഈ കുട്ടികളുടെ വിചാരവികാരങ്ങൾ കൊണ്ടാണ് അദ്ദേഹം കളി തുടങ്ങുന്നത്. അതിലൂടെ, ഈ കുട്ടികളിലൂടെ അവരുടെ മാതാപിതാക്കളിൽ വെറുപ്പ് സൃഷ്ടിക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്. മാതാപിതാക്കൾ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവരുമാണ്. കുട്ടികളിൽ ദൈവീക ദൃഷ്ടാന്തത്തിനെതിരിലുള്ള ശത്രുത വളർത്തുകയാണ് ലക്ഷ്യം. എല്ലായിടത്തും അദ്ദേഹം പ്രദർശിപ്പിക്കുന്ന ലക്ഷ്യം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്തൊരു കാപട്യമാണിത്. സത്യത്തിൽ അദ്ദേഹം ഭീകരതയാണ് വിതയ്ക്കുന്നത്. മനുഷ്യഹൃദയങ്ങളിൽ ഭയം വിതയ്ക്കുന്നു. എന്നിട്ട് തന്റെ ഉദ്യോഗസ്ഥർക്ക് നിസ്സഹരണം ഏർപ്പെടുത്തുവാൻ നിർദ്ദേശവും നല്കുന്നു.

കുടുംബങ്ങളിൽ നിസ്സഹരണം ഏർപ്പെടുത്തുക. കുടുംബത്തിലെ ഒരു സഹോദരന് തന്റെ സഹോദരിയെ ഒരു പരിപാടിക്ക് ക്ഷണിക്കാൻ പറ്റില്ല!അതുപോലെ തിരിച്ചും!ഇതാണോ വിശുദ്ധഖുർആൻ നമ്മെ പഠി

പ്പിച്ചത്? കുടുംബ ബന്ധങ്ങൾ വിച്ഛേദിക്കുക! മിർസാമസ്റൂർ അഹ്മദിനെ പോലുള്ള ഒരാത്മീയ നായകൻ, അദ്ദേഹത്തിന്റെ ഞാനെന്ന ഭാവത്തിന്റെയും അധികാരത്തിന്റെയും മറവിൽ (അദ്ദേഹവും അദ്ദേഹത്തിന്റെ അമീർമാരും, മാനേജിംഗ് കമ്മിറ്റിയും തുടങ്ങിയ അധികാരിവർഗം) കുടുംബങ്ങളിൽ ശത്രുത വിതയ്ക്കുന്നു. ഭിന്നിപ്പ് ഉണ്ടാക്കുന്നു. പരസ്പരം ശത്രുക്കളാക്കുന്നു. മിർസാമസ്റൂർ അഹ്മദിന്റെ പ്രബോധനം ഇതാണോ? അദ്ദേഹത്തിന്റെ ചുറ്റുവട്ടങ്ങളിലും ഇതാണോ നടത്തേണ്ടത്? ജമാഅത്ത്അഹ്മദിയ്യായിലെ ചില അംഗങ്ങൾ, ഈ ദൈവീക ദൃഷ്ടാനത്തിൽ വിശ്വസിച്ചു അംഗീകരിച്ചു വിനീതനായ എന്നിൽ അല്ലാഹുവിന്റെ ഖലീഫയിൽ വിശ്വസിച്ചു. ഇതിനാണോ ഈ കുടുംബങ്ങളെ ഇങ്ങനെ വിഭജിച്ചു നിർത്തുന്നത്? വെളിപാടുകൾ ലഭിച്ചു അതിൽ വിശ്വസിച്ചു എന്ന ഒറ്റകാരണത്തിലാണോ, വാഗ്ദത്തമസീഹ് (അ) ന്റെ ജമാഅത്തിൽ നിന്നും ജനങ്ങളെ പുറത്താക്കുന്നത്? മറ്റു ചിലരുടെ കാര്യം നോക്കു! അഹ്മദിയ്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കളായി മാറിയവർ, ജമാഅത്തിൽ നിന്നും പുറത്തുവന്നവർ വാഗ്ദത്തമസീഹ് (അ) നെ തള്ളിപറഞ്ഞവർ, അനേകം വിമർശനങ്ങൾ നടത്തിയവർ, മസീഹ്(അ) എഴുതിയതിനെയും പറഞ്ഞതിനെയും എതിർത്തവർ, ജമാഅത്തിനും മസീഹ് മൗഊദ് (അ) നും മുറിവേല്പിച്ചവർ, അവരെപറ്റി ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല. ഇത്തരം ആളുകളെ ഇവരുടെ എല്ലാ പരിപാടികളിലേക്കും എപ്പോഴും സ്വാഗതം ചെയ്യുന്നു. കുടുംബപരിപാടികളിലേക്കും അവർ സ്വാഗതം ചെയ്യപ്പെടുന്നു. ഒരു നിസ്സഹകരണവും അവരുടെ മേൽ ഏർപ്പെടുത്തിയിട്ടില്ല. എന്തുകൊണ്ട്? ഈ കാര്യത്തിലൊക്കെ നീതി എവിടെയാണ്?അടിസ്ഥാന കാര്യം ഒന്നുതന്നെയാണ്, അതായത് വിശ്വാസവും നീതിയും ഒരുമിച്ചു പോകുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്ന താഴെപറയുന്ന വചനങ്ങൾ വായിക്കുക.

വിശ്വസിച്ചവരെ, നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും, അയാൾ(ആ കക്ഷി) ധനികനോ, ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളെക്കാൾ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്ററുത്! നിങ്ങൾ നീതിപാലിക്കുന്നതിനു വേണ്ടിയാണിത്. നിങ്ങൾ (സത്യം) മറച്ചുവെക്കുകയോ(അത്

വെളിപ്പെടുത്താതെ) പിൻമാറുകയോ ചെയ്യുതായാൽ (ഓർക്കുക) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാകുന്നു. വിശ്വസിച്ചവരെ അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും (ഇതിന്) മുമ്പ് അവൻ ഇറക്കികഴിഞ്ഞ ഗ്രന്ഥത്തിലും വിശ്വസിക്കുക. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും അന്ത്യനാളിലും ആര് വിശ്വസിക്കുന്നുവോ (ഗ്രഹിക്കുക) അവൻ തീർച്ചയായും വഴികേടിൽ ബഹുദൂരം അകന്നുപോയിരിക്കുന്നു (4:136,137)

നീതി എന്നത് അല്ലാഹുവിന്റെ ഒരു ഗുണവിശേഷമാണ്. നീതിക്കുവേണ്ടി അവൻ ഉറച്ചുനില്ക്കുന്നവനാണ്. അത് നമ്മുടെ തന്നെയും നമ്മുടെ പ്രിയപ്പെട്ടവരുടെതന്നെയും താത്പര്യത്തിന് എതിരാണെങ്കിലും ശരി അല്ലാഹു(ത) ഒരു സാക്ഷിയാണ്. മനുഷ്യരുടെ ഇതര ആശയങ്ങളിലൂടെയുള്ള നീതിയല്ല, ഇസ്ലാമിക് നീതി. ഇത് നേടുന്നത് അഗാധമായ ലക്ഷ്യങ്ങളെയാണ്. കാരണം നാം പ്രവർത്തിക്കേണ്ടി വരുന്നത് അല്ലാഹുവിന്റെ നിറസാന്നിധ്യത്തിലാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഉദ്ദേശങ്ങളും അറിയുന്നവനാണവൻ.

അപ്പോൾ വസ്തുത ഇതാണ്, ജമാഅത്ത് അഹ്മദിയ്യാ (അതായത് ആത്മീയമായി അധഃപതിച്ച ജമാഅത്തിലെ ആളുകൾ) ദൈവീക ദൃഷ്ടാന്തത്തിന്റെ നേരെ തിരിഞ്ഞു നിന്നു. അവർ ഈ വെളിപാടുകളെ മോശം വെളിപാടുകൾ എന്ന് പറഞ്ഞ് ആക്ഷേപിച്ചു. ദൈവീക ദൃഷ്ടാന്തത്തിലൂടെ ലഭിക്കേണ്ട ദൈവീകാനുഗ്രഹങ്ങൾ അഹ്മദികളിൽ ബഹുഭൂരിഭാഗത്തിനും നഷ്ടമായി. കാരണം അവർ കുടുംബവാഴ്ചയിൽ വിശ്വസിക്കുന്നു. രാജപദവിയിൽ വിശ്വസിക്കുന്നു. വഞ്ചകരായ ഏകാധിപതികളിൽ വിശ്വസിക്കുന്നു. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവൻ ഉദ്ദേശിക്കുന്നവരെ അവൻ ഉയർത്തുന്നു. അവനെ സംബന്ധിച്ചിടത്തോളം കുടുംബവാഴ്ചയില്ല. അവന് ആവശ്യമുള്ളവരെ അവൻ തെരഞ്ഞെടുക്കുന്നു.

ഖലീഫ മിർസാ മസ്റൂർ അഹ്മദ്, താൻ വലിയ ആളാണ് എന്ന ചിന്തയിൽ അദ്ദേഹം നല്കുന്ന മോശമായ നിർദ്ദേശങ്ങൾ അതോടൊപ്പം അദ്ദേഹവും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരും അഹ്മദികളായ മുസ്ലിങ്ങളെ വൈകാരികമായി ഭയപ്പെടുത്തി ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്നതിൽ നിന്നും തടയുന്നു. നിസ്സഹരണം ഏർപ്പെടുത്തുന്നു.

ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവരെ, പ്രയാസപ്പെടുത്തുന്നു. ഇത്തരം അവസ്ഥ സൃഷ്ടിച്ച് സാധാരണ അഹ്മദീ മുസ്‌ലിംകളെ ദൈവീക ദൃഷ്ടാന്തം സ്വീകരിക്കുന്നതിൽ നിന്നും തടയാമെന്നു കരുതുന്നു.

ഞാൻ അദ്ദേഹത്തിന് മുന്നറിയിപ്പ് നല്കുകയാണ്, അദ്ദേഹം ഇങ്ങനെ തന്നെ സ്വയം പ്രകടനം തുടരുവാൻ ശ്രമിക്കുകയാണെങ്കിൽ, ഭൂമിയിൽ ഒരു ദൈവം ചമയാൻ തന്നെ തീരുമാനിക്കുകയാണെങ്കിൽ, ജനഹൃദയങ്ങളിൽ ശത്രുത വ്യാപിപ്പിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ, ദൈവീക അധ്യാപനങ്ങളെ ചവിട്ടിതേയ്ക്കുവാൻ തന്നെ തീരുമാനിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ മേൽപതിക്കുന്ന ദൈവീക ശിക്ഷ ഭയാനകമായിരിക്കും. അദ്ദേഹം കുടുംബങ്ങളെ വേർപിരിക്കുവാനുള്ള ഇത്തരം നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരിക്കുകയാണെങ്കിൽ, അവർ ദൈവീക ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ഈ നൂറ്റാണ്ടിൽ ദൈവം നിയോഗിച്ച ആളിൽ വിശ്വസിക്കുകയും ചെയ്തകാരണത്താൽ, അപ്പോൾ അദ്ദേഹം ശാരീരികമായും, ധാർമ്മികമായും, ആത്മീയമായും ഏറ്റവും മോശമായ അവസ്ഥ മാത്രമെ പ്രതീക്ഷിക്കാനുള്ളു.

കുടുംബവാഴ്ചയിലൂടെ വന്ന ഈ ഖലീഫ മൗറിഷ്യസിലെ അഹമദികൾക്കും മറ്റു രാജ്യങ്ങളിലെ അഹ്മദികൾക്കും വളരെ വലിയ മുറിവാണ് ഏല്പിച്ചിരിക്കുന്നത്. എവിടെ നാം നോക്കിയാലും, അഹ്മദിയ്യാ ജമാഅത്തിലെ ഇസ്ലാമിക സഹോദര്യത്തിന്റെ സത്ത അപ്രത്യക്ഷമായിരിക്കുന്നതായി കാണാവുന്നതാണ്. തത്ഫലമായി ഇതിന്റെ ഏകഭാവന നഷ്ടമായി, അച്ചടക്കം ഇല്ലാതായി, അച്ചടക്കമില്ലായ്മയാണ് അതിനെ ഭരിക്കുന്നത്, അല്ലെയോ! അഹ്മദിമുസ്ലിംകളെ! ഐക്യമില്ലായ്മയിലും നിസ്സഹായതയിലും അകപ്പെട്ടവരെ! നിങ്ങൾ മറ്റുള്ളവരുടെ നേരെ അന്ധരായിതീർന്നിരിക്കുന്നു. നിങ്ങൾ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യോ ഹസ്രത് മസീഹ് മൗഊദ് (അ) യോ അംഗീകരിച്ചിട്ടില്ലാത്ത ഒരു വ്യവസ്ഥതി നിങ്ങൾ അംഗീകരിച്ചിരിക്കുന്നു. അതുമാത്രമല്ല, നിങ്ങൾ ഭൗതിക ഇച്ഛകളുടെ അടിമകളായി തീർന്നിരിക്കുന്നതായി ഞാൻ കാണുന്നു. അതുമാത്രവുമല്ല നിങ്ങൾ, ഒരു ഖലീഫ നല്കുന്ന തെറ്റായ മാർഗ്ഗനിർദ്ദേശത്താൽ വിഡ്ഢികളാക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിനെകുറിച്ച് ഒന്നും അറിയാത്ത ഒരു ഖലീഫ! നിങ്ങൾ സ്വയം ചിതറിപോയിരിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളിൽ നിന്നും വേർപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ മേലങ്കി അണിഞ്ഞു

കൊണ്ട്! നിങ്ങളെ അവർ നിങ്ങളുടെ വേദനകളിൽ ഉപേക്ഷിച്ചിരിക്കുന്നു.

അല്ലയോ! ഖലീഫ മിർസാ മസ്റൂർ അഹ്മദ്! നിങ്ങളും നിങ്ങളുടെ സഹപ്രവർത്തകരും ചേർന്ന് ഇസ്ലാമിന്റെ അധ്യാപനങ്ങളെ മണ്ണിലിട്ട് ചവിട്ടി അരയ്ക്കുകയാണ്. നിങ്ങൾ വിചാരിക്കുന്നു. നിങ്ങൾ അല്ലാഹുവിനെക്കാളും അവന്റെ തെരഞ്ഞെടുത്ത ദൂതനെക്കാളും മേലെയാണെന്ന്, എന്നിട്ട് താങ്കൾ ഞങ്ങളെ എതിർക്കുന്നു. തീർച്ചയായും ഈ അഹങ്കാരത്തിന്റെ അനന്തരഫലം, അല്ലാഹുവിനെ വെല്ലുവിളിക്കുന്നവരുടെ അനന്തരഫലംപോലെയാണ്, അത് വളരെ ദോഷം ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ഇച്ഛയ്ക്ക് നിങ്ങൾ എന്തിനാണ് തടസ്സം നില്ക്കുന്നത്? പരിശുദ്ധ ഗ്രന്ഥങ്ങളിൽ, പറയപ്പെട്ടിരിക്കുന്ന, അല്ലാഹുവിന്റെ ദൂതന്മാരുടെ കാലഘട്ടത്തിൽ സത്യനിഷേധികൾ പെരുമാറിയതുപോലെ നിങ്ങൾ എന്താണ് പെരുമാറുന്നത്? നിങ്ങൾ വിശുദ്ധഖുർആൻ വായിക്കു! പ്രവാചകനായ നൂഹ് (അ) ന്റെ മകൻ പോലും തന്റെ പിതാവിൽ വിശ്വസിച്ചില്ല. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും നൂഹ്(അ) ജലപ്രളയസമയത്ത് പോലും തന്റെ മകനെ തള്ളി പറഞ്ഞില്ല. പ്രസ്തുത ജലപ്രളയം എല്ലാത്തിനെയും വിഴുങ്ങുകയുണ്ടായി. (നൂഹ്(അ) നെയും വിശ്വാസികളെയയും ഒഴിച്ചുള്ളത്)

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) തന്റെ പിതൃസഹോദരനായ അബുത്വാലിബിൽ നിന്ന് ദൂരം പാലിച്ചിരുന്നുവോ? അദ്ദേഹം ഏകദൈവത്തിൽ വിശ്വസിച്ചില്ല എന്ന കാരണത്താൽ! ഹസ്രത് മുഹമ്മദ്(സ) തന്റെ പിതൃസഹോദരനെതിരിൽ നിസ്സഹകരണം ഏർപ്പെടുത്തിയോ? ഹസ്രത് ഇബ്റാഹീം(അ) വിഗ്രഹാരാധകനായ വിഗ്രഹ നിർമ്മാതാവായ തന്റെ പിതാവിനെതിരിൽ നിസ്സഹകരണം ഏർപ്പെടുത്തിയിരുന്നോ? മറിച്ച് അദ്ദേഹം തന്റെ പിതാവിനെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയാണ് ചെയ്തത്. വാഗ്ദത്തമസീഹ്(അ)ന്റെ പുത്രന്മാർ (പ്രഥമ വിവാഹത്തിലുള്ള) അദ്ദേഹത്തിന്റെ ജീവിത കാലത്ത് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല. അവരെ അദ്ദേഹം പുറത്താക്കിയോ? അവരോട് നിസ്സഹകരണം ഏർപ്പെടുത്തിയോ? ഈ വിഷയത്തിൽ ഇതുപോലെ എടുത്തുകാണിക്കുവാൻ വിശുദ്ധഖുർആനിൽ അനേകം വാദമുഖങ്ങളുണ്ട്. അതുകൊണ്ട്! താങ്കൾ അല്ലാഹുവിനെ

ഭയപ്പെടുക! നിങ്ങൾ സ്വയം നന്നാകാൻ ശ്രമിക്കുക! വളരെ താമസിച്ചിരിക്കുന്നു.!

നിങ്ങൾ വിശ്വസിക്കില്ല! അല്ലേ? പിന്നെന്തിനാണ് ജനങ്ങളും വിശ്വസിക്കരുത് എന്ന് നിങ്ങൾ നിർബന്ധം ചെലുത്തുന്നത്. ദൈവത്തിന്റെ പാതയിൽ നിന്നും വ്യതിചലിപ്പിക്കുന്ന ഇബ്‌ലീസിന്റെ പ്രവർത്തി എന്തേ നിങ്ങൾ ചെയ്യുന്നു? നിങ്ങൾ സ്വയം ഉത്തേജിതനാകാത്തതെന്തേ? അല്ലാഹുവിന്റെ ഇച്ഛയ്ക്ക് നിങ്ങൾ കീഴടങ്ങാത്തതെന്തേ? മനുഷ്യരാൽ തെരഞ്ഞെടുത്ത ഖലീഫയുടെ തെരഞ്ഞെടുപ്പിലൂടെ വന്നു ചേർന്ന നിങ്ങളുടെ അധികാരവും നിങ്ങളുടെ ധനവും നിങ്ങളുടെ കുടുംബവും, നിങ്ങളുടെ എല്ലാ സ്ഥാനമാനങ്ങളും നിങ്ങൾക്ക് നഷ്ടമാകുമെന്ന് നിങ്ങൾ ഭയപ്പെടുകയാണോ?

വാഗ്ദത്തമസീഹ് (അ) ന്റെ രചനകളെകുറിച്ച് എത്രമാത്രം നിരുപണങ്ങൾ, വിമർശനങ്ങൾ വന്നിട്ടുണ്ട് എന്ന് അല്ലാഹു അറിയുന്നവനാകുന്നു. അദ്ദേഹത്തിന്റെ രചനകളിൽ അനേകവും ഇനിയും ജമാഅത്ത് അഹ്മദിയ്യാ ഭാഷാന്തരം ചെയ്തിട്ടില്ല. ഈ വിമർശനത്തെ കുറിച്ച് എന്തേ പ്രതികരിക്കാത്തത്? വാഗ്ദത്തമസീഹ് (അ) ന്റെ പുസ്തകങ്ങളെന്തേ പരിഭാഷപ്പെടുത്താത്തത്? ശത്രുതയുടെ വിത്തുകൾ വിതയ്ക്കുന്നതിന് പകരം, ജനങ്ങളുടെ പച്ചമാംസം ആസ്വാദ്യകരപമായി ഭക്ഷിക്കുന്നതിനു പകരം ഇതല്ലേ ചെയ്യേണ്ടത്?

അല്ലാഹു(ത) മാനവകുലത്തെ സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ടാണ് ലോകം മുഴുവൻ അവർ വ്യാപിച്ചു കിടക്കുന്നത്. സമാധാനത്തോടെ വർത്തിക്കാൻ, സൗഹൃദത്തോടെ കഴിയാൻ, സുരക്ഷിതമായി കഴിയാൻ, അവർക്കായി അവൻ നല്കിയതെല്ലാം സന്തോഷപൂർവ്വം ആസ്വദിക്കുവാൻ, അതിൽപെട്ടതാണ്, ഈ പ്രകൃതി, ഈ ആകാശം, ഈ ഭൂമി അങ്ങനെ മറ്റു പലതും! അല്ലാഹു(ത) മുഹമ്മദ്(സ) നെ പ്രവാചകന്മാരുടെ മുദ്രയായി ഇസ്ലാമിനെ വ്യാപിപ്പിക്കാൻ, വെളിപാടു ഗ്രന്ഥമായ വിശുദ്ധഖുർആനുമായി നിയോഗിക്കുകയുണ്ടായി.

മിർസാ മസ്‌റൂർ അഹ്മദികന്റെയും അദ്ദേഹത്തിന്റെ ചുറ്റുമുള്ളവരുടെയും ഞാനെന്ന ഭാവം നാശഹേതുമാകുന്നു. അവരുടെ പാതയിലുള്ള എല്ലാം അവർ നശിപ്പിക്കുവാൻ ലക്ഷ്യം വെയ്ക്കുന്നു. എന്നാൽ സത്യത്തിൽ അവർ അവരുടെ ആത്മാക്കളെ തന്നെയാണ് നശിപ്പിക്കുന്നത്. ഞാനെന്ന ഭാവം ഒരു തിന്മയാണ്. ഒരു ന്യൂനതയാണ്. ഒരു പാപമാണ്. ഒരു മാനസിക പരാജയമാണ്. ഞാനെന്ന ഭാവം ആക്ഷേപാർഹ

മായ ഒരു വ്യക്തിത്വ പ്രകടനമാണ്. മനുഷ്യ പ്രകൃതിയിലെ ഒരു വൈകൃതമാണ് ഞാനെന്ന ഭാവം. അത്തരം മനുഷ്യന്റെ ഹൃദയം പാപകലുഷിതമായിരിക്കും.

ദുരഹങ്കാരി, ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ, മറ്റു തരത്തിലുള്ള മോശം സ്വഭാവങ്ങൾ വളർത്തി എടുക്കുന്നു. അതായത് പൊങ്ങച്ചം നടിക്കുക. അഹംഭാവപ്രകടനം നടത്തുക, ഏകാധിപത്യ പ്രവണത കാട്ടുക. വലിയമോടിയിലുള്ള പ്രകടനം മറ്റുള്ളവരുടെ മുൻപിൽ പ്രകടിപ്പിക്കുക തുടങ്ങിയവ. ഈ ദുരഹങ്കാര പ്രകടത്തിലൂടെ അവനിലുള്ള നല്ല ഗുണങ്ങൾ അവനിൽ നിന്നും അകന്നു പോവുകയാണ് എന്നവൻ പലപ്പോഴും മനസ്സിലാക്കുന്നില്ല. ഈ അഹംഭാവം, അതായത് ഈ അഹംഭാവത്തിന്, പല രീതിയിലുള്ള ബാഹ്യപ്രകടനങ്ങളുമുണ്ട്. അതുണ്ടെങ്കിൽ മാത്രമെ അത് പുറമെ വെളിപ്പെടുകയുള്ളു. അവയിൽപെട്ടതാണ് അതിയായ വാഞ്ഛ, അതായത് ജനങ്ങളുടെ നേതാവായിരിക്കുവാനുള്ള ആർത്തി, താൻ വലിയ പദവിയിലാണ് എന്ന് കാണിക്കുവാനുള്ള അഭിനിവേശം! ഈ ദുരഹങ്കാരം, ജമാഅത്തിന്റെ തലവനായി അംഗരക്ഷകരോടൊപ്പം ഇരിക്കുവാനുള്ള ഉൽക്കടമായ ആഗ്രഹം തുടങ്ങിയവ ഞാനെന്നഭാവത്തിൽ നിന്നും ഉണ്ടാകുന്നതാണ്.

പ്രസ്തുത ദുരഹങ്കാരി, ഞാനെന്ന ഭാവക്കാരൻ സ്വയം പുകഴ്ത്തലിന്റെ ഉടമ, ഏകാധിപതി, പൂഴ്ത്തിവെയ്പുകാരൻ തന്റെ അടുത്തുവരുന്ന നിസ്സാരന്മാരെ പാവപ്പെട്ടവരെ, സഹായം ആവശ്യപ്പെടുന്നവരെ ആക്ഷേപിക്കുന്നതിന് മടി ഉള്ളവൻ ആയിരിക്കില്ല. ഹിറ്റ്ലറെക്കാൾ വലിയ അധികാര പ്രകടതമായിരിക്കും കാണിക്കുക, ഇരിക്കാൻ പോലുമുള്ള അവകാശമുണ്ടായിരിക്കില്ല, പേര് പരിചിതമായിരിക്കില്ല, സൂക്ഷ്മബോധശക്തിയുമുണ്ടായിരിക്കില്ല. ഇത്തരം ദുർബലരായ, പാവപ്പെട്ട, നിസ്സഹായകരായ, പണമില്ലാത്തവരോട് ഒരു വലിയ അളവിൽ അവജ്ഞ ആയിരിക്കും ഉണ്ടായിരിക്കുക.

അഹ്മദിയ്യാ പ്രസ്ഥാനത്തിലെ നാലാം ഖലീഫയും അദ്ദേഹത്തിന്റെ മുല്ലാക്കളും, അമീർമാരും, ഇപ്പോൾ അവരെ പിന്താങ്ങുന്ന അഞ്ചാം ഖലീഫയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും എന്നെ ഭ്രാന്തനെന്നു വിളിച്ചു. രോഗിയാണെന്ന് പറഞ്ഞു. അവർ എന്നെ പരിഹസിച്ചു. എനിക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച വെളിപാടുകളെ അവർ വർണ്ണിച്ചത്

ഓ! അങ്ങനെ വരുന്ന വെളിപാടുകൾ എന്നാണ്, ദൈവത്തിന്റെ പേരിൽ കള്ളം പറയുന്നു. എന്ന് പറഞ്ഞ് അവർ എന്നെ കുറ്റപ്പെടുത്തി, ഞാൻ തെറ്റായ തത്വങ്ങൾ പ്രബോധിക്കുന്നു എന്നവർ പറഞ്ഞു. എനിക്കെതിരായി തെറ്റായ വിശദീകരണങ്ങൾ നല്കി. എന്റെ അനുചരന്മാർക്കെതിരിലും ദൈവീക ദൃഷ്ടാന്തത്തിനെതിരിലും തെറ്റായ പ്രചാരണം നടത്തി. അഹ്മദികളുടെ ഹൃദയത്തിൽ വെറുപ്പ് സൃഷ്ടിക്കുവാനായി, ഈ നൂറ്റാണ്ടിലെ ദൈവീക പ്രതിഭാസത്തിൽ വിശ്വസിച്ചവരുടെ കുടുംബങ്ങളിൽ വെറുപ്പ് സൃഷ്ടിക്കുവാനായി അവർ യത്നിച്ചു.

അവർ ലോകത്തിന്റെ മുമ്പിൽ പ്രദർശിപ്പിച്ചതോ എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്, ഒരു ദൈവീക ഖലീഫയും ദൈവീക വെളിപാടുകളേയും അവർ ദുരാരോപണം നടത്തി. അവർ പരിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെയും പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ പ്രവചനങ്ങളെയും പരിഹാസ പാത്രമാക്കി. അതോടൊപ്പം വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലം അഹ്മദ്(അ)ന്റെ വചനങ്ങളെയും അധ്യാപനങ്ങളെയും അവർ താറടിച്ചു കാണിച്ചു. അവർ നിസ്സകരണം ഏർപ്പെടുത്തി കപടവിശ്വാസികൾക്കും വക്രബുദ്ധികൾക്കും സദസ്സ് ഒരുക്കിക്കൊടുത്തു. (2003-2004) ലെ ജൽസയ്ക്ക് ഒരക്രമിക്ക് അവസരം നല്കിയതുപോലെ) ഈ നൂറ്റാണ്ടിലെ ദൈവീകദൃഷ്ടാന്തത്തെ പരിഹസിക്കാനും ഈ വീനിതസേവകനായ അല്ലാഹുവിന്റെ ഖലീഫയെ തേജോവധം ചെയ്യുവാനുമായി. അവരുടെ ജോലിക്കാർക്ക് വേതനം നല്കാൻ പോലും തയ്യാറായില്ല ഇതിനുള്ള ഒരുദാഹരണം ഞാൻ തന്നെയാണ്. എന്റെ വേതനവും ആനുകൂല്യങ്ങളും അവർ നല്കിയില്ല. (ജമാഅത്തിനായി ഞാൻ ജോലിചെയ്ത വർഷങ്ങളെല്ലാം അവർ എന്നെ വാടകയ്ക്ക് എടുക്കുകയായിരുന്നു) അവർ എല്ലാ പരിധികളും ലംഘിച്ചു. അവരുടെ ഈ പ്രചാരണപരിപാടി എല്ലാ അതിരുകളും കടന്നു പോകുന്നതായിരുന്നു.

അസാധാരണമായ ക്ഷമകൊണ്ട് ഞങ്ങൾ ഈ എല്ലാ സമ്മർദ്ദങ്ങളെയും അഭിമുഖീകരിച്ചു. അല്ലാഹുവിന്റെ തൃപ്തിക്കായി ഞങ്ങൾ എല്ലാം സഹിച്ചു. അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തുവാൻ, ഏറ്റവും നല്ലനിലയിൽ ഞങ്ങൾ പരിശ്രമിച്ചു. എന്നാൽ അതിനൊന്നും ഒരു ഫലവും കൊണ്ടുവരാൻ കഴിഞ്ഞില്ല. തെറ്റായതും അനിസ്ലാമികവുമായ ഈ പ്രചാരണപരിപാടിയുടെ അനന്തരഫലത്തെകുറിച്ച് ഞാൻ

അവർക്ക് മുന്നറിയിപ്പ് നല്കി. ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, ഒരു വെല്ലുവിളിക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ എന്നോട് മത്സരിക്കുവാൻ ആവശ്യപ്പെടുകയാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ കുറ്റക്കാരാരാണോ അവരെ അല്ലാഹു ശിക്ഷിക്കട്ടെ! നല്ലവർ ആരാണ് കെട്ടവർ ആരാണ് എന്ന് നിഷ്ക്കളങ്കരായവർ അതിലൂടെ മനസ്സിലാക്കട്ടെ, സത്യാന്വേഷികൾക്കു കാര്യം മനസ്സിലാകട്ടെ! ഇൻശാ അല്ലാഹ്!

എന്റ സഹോദരീ സഹോദരന്മാരെ ഞാൻ ചുരുക്കുകയാണ്. അവരുടെ ഖലീഫയുടെ നിർദ്ദേശപ്രകാരം അവരുടെ അമീർമാരും മുല്ലാക്കളും നടത്തുന്ന പ്രഖ്യാപനം വളരെ മോശമാണ്. അവരുടെ എല്ലാവിധ അഹംഭാവങ്ങളും, അസൂയയും തനി വിഡ്ഢിത്തമാണ്, വങ്കത്തമാണ്, അതിരുകടന്നതാണ്. തെളിവില്ലാത്തതുമാണ്. ദൈവപ്രതീക്കായി, നിങ്ങളുടെ കുട്ടികളുടെ ആത്മീയ ഭാവിയ്ക്കായി എന്ത് ചെയ്യണമെന്ന് ചിന്തിക്കുക. ഇതോടൊപ്പം ചേർന്ന് മനസ്സിലാക്കേണ്ട ഒരു കാര്യമാണ് വഖ്ഫെ നൗ കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന്! നിങ്ങളുടെ മുൻപിൽ തന്നെ തെളിവുകളുണ്ട്. അവരുടെ മോശം പ്രവർത്തനങ്ങളുടെയും വ്യക്തിത്വത്തിന്റെയും ഒരു നീണ്ട പട്ടികതന്നെ നിങ്ങളുടെ മുൻപാകെയുണ്ട്. അവരുടെ ചീത്തകൂട്ടുകെട്ടികളിലൂടെ ഈ കുട്ടികൾ നഷ്ടപ്പെട്ട കുട്ടികളായി തീർന്നിരിക്കുന്നു. അവരുടെ പിന്നിൽ സംശയാസ്പദമായ കൊടുക്കൽ വാങ്ങലുകളുണ്ടാകുന്നുണ്ട്. അവർ ശാരീരികമായും ധാർമ്മികമായും ആത്മീയമായും നഷ്ടപ്പെട്ടവരായിട്ടും, അവരുടെ തെറ്റുകൾ തിരുത്തുന്നതിനും അവരുടെ ഒരു നല്ല നാളെയ്ക്കുവേണ്ടിയാതൊന്നും ചെയ്യുന്നില്ല എന്ന വസ്തുത അവശേഷിക്കുന്നു. ദൈവീക ദൃഷ്ടാന്തങ്ങളിലും, അടയാളങ്ങളിലും അതുപോലെ അല്ലാഹുവിന്റെ ദൂതനിലും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തുവരുടെ മേൽ വളരെ പരുഷമായ നടപടികൾ എടുക്കുന്നുണ്ട്. എന്നാൽ, സത്യത്തിൽ, നാശത്തിന്റെ പാതസ്വീകരിച്ചവരുടെ മേൽ ഒരു നടപടിയും സ്വീകരിക്കുന്നില്ല. അവരൊക്കെ സംരക്ഷിക്കപ്പെടുന്നു. കാരണം അവരൊക്കെ ജമാഅത്തിലെ (ജമാഅത്ത് അഹ്മദിയ്യായിലെ) ഉന്നതരായ ആളുകളാണ്. അവരൊക്കെ, അവരുടെ കുടുംബങ്ങളൊക്കെ ഇപ്പോഴും ജമാഅത്തിൽ തന്നെയുണ്ട്. അവർക്ക് യാതൊരു ശാസനയുമില്ല, ബഹിഷ്ക്കരണവുമില്ല

അതുകൊണ്ട്, അല്ലയോ സത്യാന്വേഷികളെ, അല്ലാഹുവിനെയും ഇസ്ലാമിനെയും യഥാർത്ഥത്തിൽ സ്നേഹിക്കുന്നവരെ, നിങ്ങളുടെ കുട്ടികളുടെ ആത്മീയ ഭാവിയെപറ്റി ചിന്തിക്കുക. അവരെ നിങ്ങൾ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പഠിപ്പിക്കുക. ഇസ്ലാം പ്രബോധിക്കുന്നതിനെതിരായുള്ള ശിക്ഷണം നല്കാതിരിക്കുക. ഭൗതികത അവരെ കാർന്നു തിന്നുന്നതിൽ നിന്നും അവരെ രക്ഷിക്കുക. ലഹരിമരുന്നുകളിൽ നിന്നും മദ്യപാനങ്ങളിൽ നിന്നും അവരെ മുക്തരാക്കുക. അവർക്ക് യഥാർത്ഥ മാർദർശനം നല്കുക. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെ അംഗീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുക അല്ലാഹുവിന്റെ പ്രീയഭാജനങ്ങളായി തീരാൻ അവരെ പ്രാപ്തരാക്കുക. അതേ ഉപദേശമാണ് സത്യത്തിൽ, ഞാൻ നിങ്ങൾക്ക് നല്കികൊണ്ടിരിക്കുന്നത്. ഞാൻ നിങ്ങളുടെ നിഷ്ക്കളങ്ക ഉപദേശകനാണ്. ഈ നൂറ്റാണ്ടിൽ, ഇസ്ലാമിന്റെ ബാനറിൽ, സഹീഹിൽ ഇസ്ലാമിന്റെ പേരിൽ, അല്ലാഹു(ത) നിങ്ങൾക്ക് മാർഗദർശനം അയച്ചിരിക്കുകയാണ്. ദൈവീക പ്രകാശത്തിലേക്ക് വരൂ! നിങ്ങളുടെ കുട്ടികളെ അതിനായി പ്രോത്സാഹിപ്പിക്കു! അങ്ങനെ നിങ്ങൾ ചെയ്താൽ, നിങ്ങൾക്ക് ശേഷം വരുന്ന ഓരോരുത്തർക്കും ഓരോ പ്രകാശം ലഭിക്കുന്നതാണ്. ലോകത്തിന്റെ അറ്റത്തോളം, അത്, പ്രകാശം ചൊരിയുന്നതാണ്. ആ നിമിഷത്തിൽ, വിശ്വാസവും ആത്മാർത്ഥതയും അവരിൽ നവീകരിക്കപ്പെടും, അതിലൂടെ അതിമഹത്തായ പ്രതിഫലം നേടുവാനും കഴിയുന്നതാണ്. പ്രകാശത്തിന്റെ ഒരു ഇളംതെന്നൽ വീശുന്നതാണ്, അത് അവരിലെ ആത്മിയതയെ പ്രകാശിപ്പിക്കുന്നതാണ്, അതിലൂടെ ലോകം പ്രകാശമാനമായി തീരുന്നതാണ്, ദൈവീക അനുഗ്രഹങ്ങളാൽ ഈ യുവജനതയിലൂടെ!

നമ്മുടെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം, ഈ മഹത്തായ ഇസ്ലാം മതത്തിൽ, പിന്നെ മുസ്ലിംകളെ, യുവാക്കളെ പഠിപ്പിക്കുക എന്നതാണ്. വിഷലിപ്തമായ ഭൗതീക സ്വാധീനത്തിൽ നിന്നും, അനാരോഗ്യകരമായ സമയ കീടത്തിൽ നിന്നും അവരെ സംരക്ഷിക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. നിങ്ങൾ അവരിൽ ഒരാത്മീയ ജീവിതം കരുപിടിപ്പിക്കണം. ഇന്ന്, നമ്മുടെ യുവചേതനയെ, ഈ ജീവിതത്തിൽ, ഇപ്രകാരം നടത്തേണ്ടതാണ്. യുവാക്കളെ നാം നല്ലപോലെ മനസ്സിലാക്കി കൊടുക്കേണ്ടതാണ്, അതായത് നമുക്ക് അല്ലാഹുവിലുള്ള ഭയം നല്ലതുപോലെ ഉണ്ടാക്കേണ്ടതാണ് എന്ന്! അല്ലാതെ അല്ലാഹുവിന്റെ സൃഷ്ടികളെയോ ഖലീഫയെയോ നാം ഭയപ്പെടേണ്ടവരല്ല. ഏകനായ

ദൈവത്തോടാണ് ഒരുവൻ പ്രാർത്ഥിക്കേണ്ടത്. അല്ലാതെ ഖലീഫയോടല്ല (അത് അല്ലാഹു തെരഞ്ഞെടുത്തതാകട്ടെ, അഥവ മനുഷ്യൻ തെരഞ്ഞെടുത്തതാകട്ടെ) അതൊരു വിഗ്രഹം മാത്രമാണ്.

മൗറിഷ്യസിലെ അഹമദിയ്യാ അമീർ മൂസാ താജു യൂടൂബിലൂടെ 2017ലെ ഈദുൽഫിത്ർ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്ന ദൗർഭാഗ്യകരമായ ഒരു പ്രസംഗം കേൾക്കാൻ ഇടയായി. അദ്ദേഹം പറയുന്നു എല്ലാ അഹമദികളും ഖലീഫയുമായി പറ്റിചേർന്നു നില്ക്കേടതാണ്. ഖലീഫാ എല്ലാവീട്ടിലും എല്ലാഹൃദയങ്ങളിലും ഉണ്ടായിരിക്കും. അപ്പോൾ പിന്നെ അല്ലാഹുവിന്റെ സ്ഥാനം എവിടെയാണ്? ഇത്തരം ആളുകൾ കുറെശ്ശെയായി അല്ലാഹുവിനെ അവരുടെ നിലനില്പിൽ നിന്നുതന്നെ മായ്ച്ചുകളയുന്നതാണ്. ഇത് വളരെ ദൗർഭാഗ്യകരമായ ഒരവസ്ഥയാണ്. ഇതേരീതിയിൽ ചെയ്യുവാൻ അവർ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതുമാണ്. മനുഷ്യർ തെരഞ്ഞെടുത്ത ഖലീഫയുടെ ചിത്രങ്ങൾ എല്ലാവീടുകളിലും തെരുവുകളിലും പ്രദർശിക്കപ്പെടുന്നു. അവർ ചെയ്യുന്ന ഈ കാര്യം വളരെ ഗൗരവകരമായതും തന്നെയാണ്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മറവിൽ ദൈവീകാധ്യാപനങ്ങളെ അവർ കൂട്ടിക്കുഴയ്ക്കുകയാണ്. അവർ എത്രത്തോളം തരം താണിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ പ്രവാചകന്മാരെയും, വാഗ്ദത്തമസീഹ് (അ) നെയും കുറിച്ച് അപവാദം ചൊരിഞ്ഞ അതേ കാലടികൾ തന്നെ അവർ പിന്തുടരുന്നു.

അല്ലാഹു(ത) അവന്റെ അനുഗ്രഹങ്ങളും, നന്മകളും സഹീഹിൽ ഇസ്‌ലാം കുട്ടികൾക്ക് പ്രദാനം ചെയ്യട്ടെ! അധഃപതനത്തിലേക്ക് പോകാതിരിക്കാൻ അവൻ നമ്മെ സഹായിക്കട്ടെ! അങ്ങനെ നമ്മുടെ ലക്ഷ്യസ്ഥാനത്ത് എത്തിചേരുവാനുള്ള പാത ഒരുങ്ങട്ടെ! സഹീഹിൽ ഇസ്ലാമിനായി പ്രയത്നിക്കാം. അല്ലാഹുവിന്റെ ഇച്ഛയിലാണ് നമ്മുടെ രക്ഷ കുടികൊള്ളുന്നത്. ആമീൻ സുമ്മ ആമീൻ. യാറബ്ബൽ ആലമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**